<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 660**</u> <u>**06-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്കായി നാളിതുവരെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; പദ്ധതിയ്ക്കായി ഉദ്ദേശിച്ച ഭൂമിയുടെ എത്ര ശതമാനമാണിതെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകളാണ് സ്ഥാപിക്കുന്നത്. ഇതുപ്രകാരം പാലക്കാടും, കൊച്ചിയും ഓരോ നോഡുകളായാണ് വികസിപ്പിക്കുന്നത്. പാലക്കാട് നോഡിൽ രണ്ടുഘട്ടങ്ങളിലായാണ് ഭൂമി ഏറ്റെടുക്കുന്നത്.<br><br>ഒന്നാംഘട്ടം - 1436.23 ഏക്കർ<br><br><u>രണ്ടാം ഘട്ടം - 273.59 ഏക്കർ</u><br><br>**ആകെ - 1709.82 ഏക്കർ**<br><br><u>എറണാകുളം - 358.00 ഏക്കർ</u><br><br>**ആകെ - 2067.82 ഏക്കർ**<br><br>ഇതിൽ ആദ്യഘട്ടത്തിൽ 1185.98 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇത് ഒന്നാംഘട്ടത്തിന്റെ 83% ആണ്. പാലക്കാട് രണ്ടാംഘട്ട ഭൂമി ഏറ്റെടുക്കലും കൊച്ചി നോഡിന്റെ (GIFT CITY) ഭൂമി ഏറ്റെടുക്കലും വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |
| (ബി) | നിലവിലെ സ്ഥിതിയിൽ പദ്ധതി പൂർണ്ണമായി എന്ന് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതി അഞ്ച് വർഷത്തിനുള്ളിൽ പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ